
Spectrum
Digital Magazine
KMGVHSS Tavanur
Tavanur PO,Malappuram Dist,Pin 679573,phone-0490 2687899
email-kmgvhss@gmail.com

# Spectrum
## Digital Magazine



### സമർപ്പണം

# കെ.കേളപ്പൻ

### സ്കൂൾ സ്ഥാപകൻ

കെ എം ജി വി എച്ച് എസ് എസ് ,തവനൂർ
തവനൂർ  പി ഒ, 679573,0494 2687899
മലപ്പുറം ജില്ല
കേരളംemail-kmgvhss@gmail.com

## ആശംസകൾ



**ലി**റ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട് അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയിൽ വിദഗ്ധരായി വളരുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയും എന്നതിൽ സംശയമില്ല. സ്കൂളുകൾ ഹൈടെക്ക് ആയതോടെ ലിറ്റിൽ കൈറ്റ്സിൻെറ പ്രസക്തിയും പ്രാധാന്യവും പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. കുട്ടികളുടെ ഉന്നതനിലവാരമുള്ള രചനകൾകൊണ്ട് ഈ മാഗസിൻ സമ്പുഷ്ടമാകട്ടെ എന്ന് ആശംസിക്കുന്നു

പ്രഥമാദ്ധ്യാപകൻ

സുരേന്ദ്രൻ പി



## ആശംസകളോടെ........

കേളപ്പൻ മെമ്മോറിയൽ ഗവൺമെൻ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുണ്ടെന്ന് അറിഞ്ഞതിൽ സന്തോഷിക്കുന്നു.ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇത് തയ്യാറാക്കി എന്നത് ഏറെ അഭിമാനകരമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ആഖാർത്ഥമായി അഭിനന്ദിക്കുന്നു.ഈ സംരഭത്തിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

എന്ന്
ഋഷികേശൻ ടി എം
പി.ടി.എ പ്രസിഡൻെറ്



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറഭാഗമായി നമ്മുടെ സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" IT ക്ലബ്ബിലെ കുട്ടികൾ ഒരു ഡിജിറ്റൽ മാസികതയ്യാറാക്കുന്നതിൽ വളരെയധികം സന്തോഷിക്കുന്നു.

നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നടത്തുന്ന ഈ പഠന പരിശീലന പരിപാടിയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു

സ്നേഹപൂർവ്വം

ഉണ്ണികൃഷ്ണൻ കെ ,

എസ് എംസിചെയർമാൻ



Dr.Santhosh C
VHSE Principal





Mohankumar
HSE Principal

PTA EXECUTIVE COMMITEE



Faris O V(VHSE)
School Chairman



Rinshitha XA
Vice Chairman



Farshad P V XB
Secretary



Aswinraj XF
Secretary Literature



Aswinpramod XG
Secretary Arts



Shibin XII
Sports Captain

# എഡിറ്ററുടെ കുറിപ്പ്



പ്രിയരെ......

ഏറെ അഭിമാനത്തോടും സന്തോഷത്തോടും കൂടിയാണ് നമ്മുടെ സ്ക്കൂളിലെ ആദ്യത്തെ ഡിജിറ്റൽ മാഗസിൻ **"Spectrum"** വായനക്കാർക്കായി മിഴിതുറക്കുന്നത്. കുട്ടികളുടെ ജ്ഞാനോദയത്തിന്റെ ആദ്യ ചുവടുവെയ്പാണ് എഴുത്തും വായനയും. അറിവിന്റെ വികാസം വായനയിലൂടെയാണെങ്കിൽ ഭാവന അവരുടെ കഴിവുകളെ പ്രചോദിപ്പിക്കുന്നു. കലയും സാഹിത്യവും ഉള്ളിലുള്ള മനുഷ്യത്വത്തെ ഉണർത്തുകയും നല്ല മനുഷ്യരായി, നന്മ നിറഞ്ഞവരായി മാറ്റുകയും ചെയ്യുന്നു.

അക്ഷയ നിധികൾ ഒളിഞ്ഞു കിടക്കുന്ന കുട്ടികളുടെ കുറിപ്പുകളെ, മൊഴിമുത്തുകളെ ഇവിടെ നിങ്ങൾക്കു മുന്നിൽ തുറന്നു വെക്കുന്നു. അവരെ പ്രോത്സാഹിപ്പിച്ച് പ്രചോദിപ്പിച്ച് നാളത്തെ നല്ലയുവത്വമായി വളരാൻ അനുഗ്രഹിക്കുക.

ഏറെ സ്നേഹത്തോടെ എഡിറ്റർ
നവ്യ.പി

# എഡിറ്റോറിയൽ ബോർഡ്



**ചീഫ്എഡിറ്റർ**



സ്റ്റുഡൻറ് എഡിറ്റർ
**നവ്യ**



ശ്രദ്ധ



ആദിത്യ




ആതിര



**അഭിനവ് എ**



**അഭിഷേക് കൃഷ്ണ**



**റഹിംഷാ.പി.എം**



**യഹിയ**



**ശ്രീലാൽ പി.വി**



**അസീം**



ഷിബില കെ പി



**സ്വാലിഹ കെ പി**



ബാസില എ



അമൃത സി

## ഉള്ളടക്കം

....................................................................................................................................3
തവനൂർ.................................................................................................................................9
പ്രളയത്തിന് നാമും പ്രതികൾ ആണോ ?.............................................................................10
ആസ്വാദനകുറിപ്പ്..................................................................................................................11
മൊണാലിസ........................................................................................................................12
പെയ്തൊഴിയാതെ.................................................................................................................13
The first drops of Kerala.....................................................................................................14
മറക്കാത്ത അനുഭവം...........................................................................................................15
THE NATURE.......................................................................................................................16
മഴ........................................................................................................................................18
THE DAMSEL AND FRIENDS.............................................................................................19
കാത്തിരിപ്പ്...........................................................................................................................20
എൻെറ പൂച്ച..........................................................................................................................21
....................................................................................................................................21
GOOD MANNERS...............................................................................................................22
കിളികളുടെ സൗന്ദര്യം...........................................................................................................23
അമ്മ.....................................................................................................................................24
കുട്ടിക്കാലം............................................................................................................................25
A BRITTLE STAR.................................................................................................................26
മരതക മരം...........................................................................................................................27
അച്ഛൻ ആകുന്ന ദീപം...........................................................................................................28
പ്രളയം..................................................................................................................................31
അശാന്തി...............................................................................................................................32
ജൈവവൈവിധ്യത്തിൻെറപ്രാധാന്യം..................................................................................33
എനിക്ക് പ്രിയപ്പെട്ടവർ..............................................................................................................34
മാനസം.................................................................................................................................35
ശാസ്ത്രം മനുഷ്യപുരോഗതിക്ക്...............................................................................................36
തുഷാര ഗീതം.........................................................................................................................37
GALLERY.............................................................................................................................39
പ്രണയം.................................................................................................................................47
വാനം....................................................................................................................................48
പിരിയുന്ന നിമിഷം..................................................................................................................49
OUR VISION.........................................................................................................................50

## തവനൂർ



സ്വാതി.വി.ടി 9 സി

## സ്ഥലനാമ ചരിത്രം

സർവോദയ ചിന്തകളും മാമാങ്ക സ്മൃതികളും നിറഞ്ഞ തവനൂരിനുമുണ്ട് സവിശേഷത നിറഞ്ഞ സ്ഥലനാമ ചരിത്രം. പുരാണത്തിൽ താപസ്സനൂരാണ് തവനൂർ. ശ്രേഷ്ഠരായ മുനി ശ്രേഷ്ഠൻമാർ തപസ്സിരുന്ന തീരമായതുകൊണ്ടാണ് താപസ്സനൂരെന്ന് പേരുവന്നത് . പിന്നീട് വാമൊഴിയിലൂടെ തവനൂർ എന്ന് രൂപാന്തരപ്പെട്ടു. വാമൊഴിയുടെ പ്രചാരം പ്രബലമാണിവിടെ.

നിളയുടെ പ്രശാന്ത തീരമായ തവനൂരിൽ രണ്ട് മനകൾഉണ്ടായിരുന്നു. തവനൂർ മനയും വെള്ളയിൽ മനയും. വെള്ളയുടെ വാക്കും തവനൂരിലെ പണവും എന്നൊരു പഴഞ്ചൊല്ല് ഇവിടെയുണ്ടായിരുന്നതായി പഴമക്കാർപറയുന്നതവനൂരിലെ അങ്ങാടി, അന്ത്യാളംകുടം എന്നീസ്ഥലങ്ങളിൽ നിന്നും മഹാശിലാ സംസ്കാരത്തിൻെറ തെളിവുകളായ നന്നങ്ങാടികൾ ,കുടക്കല്ല് എന്നിവ കണ്ടെത്തിയിരുന്നു.

*തവനൂർ വിദ്യാഭ്യാസചരിത്രം*

കാർഷിക സംസ്കൃതിയുടെ ഓർമ്മകൾ നിറഞ്ഞ തവനൂരിലെ വിദ്യാഭ്യാസ ചരിത്രത്തിലേക്ക് എത്തിനോക്കുമ്പോൾ  തൃക്കണാപുരം ജിഎൽപി സ്കൂളാണ് ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം. 1962 കേളപ്പൻ അടിസ്ഥാനവിദ്യാഭ്യാസ മാതൃകയിൽ നിളാതീരത്ത് സർവോദയപുരം പോസ്റ്റ് ബേസിക് സ്കൂൾ ആരംഭിച്ചു. ഇതിനു മുമ്പുതന്നെ മലബാറിലെ നമ്പൂതിരിമാർക്ക് വേദാദ്ധ്യായനം നടത്തിയിരുന്ന ഓത്തന്മാർ മഠം വിദ്യാഭ്യാസ പുരോഗതിയിൽ ഏറെ പങ്കുവഹിച്ചു. ഇന്ന് തവനൂർ പഞ്ചായത്തിൽ നിരവധി വിദ്യാലയങ്ങൾ നിലനിൽക്കുന്നു. കെ എം ജി വി എച്ച് എസ് എസ് , കെ എം ജി യു പി സ്കൂൾ, കേരളത്തിലെ ഒരേയൊരു കാർഷിക സാങ്കേതികകലാലയമായ കെ. സി. എ .ഇ .ടി   തുടങ്ങി അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്നിവിടെ നിലകൊള്ളുന്നു.

## പ്രളയത്തിന് നാമും പ്രതികൾ ആണോ ?



മന്യ 10F

1924 ന് ശേഷം നാം ഭീതിയെ നേരിൽകണ്ട അഭൂതപൂർവമായ ഒരു പ്രളയമാണ് നമ്മെ കടന്ന് പോയത്. എല്ലാംഎൻേറത് എന്ന് കരുതി അടക്കിപ്പിടിച്ചതെല്ലാം ഒരൊറ്റ നിമിഷം കൊണ്ട് ഇല്ലാതായി. ഇതൊരു പ്രളയം മാത്രമായിരുന്നില്ല ഒരുപാട് ജീവിതങ്ങളുടെ സന്തോഷങ്ങൾ ,സ്വപ്നങ്ങൾ എല്ലാം ഒരൊറ്റ വെള്ളപ്പാച്ചിലിൽ അസ്തമിച്ചു. അനാഥരാക്കപ്പെട്ടവർ, ഒറ്റയ്ക്കായവർ എല്ലാവരും ഭീതിയുടെ കണ്ണുകളോടെയാണ് പ്രളയത്തെ നോക്കികണ്ടത്. മറ്റെവിടെയെങ്കിലും നടക്കുമ്പോൾ വെറും സഹതാപം മാത്രം നൽകി തള്ളികളഞ്ഞ ആ ദുരന്തം നമ്മുടെ കൺമുമ്പിൽ നടന്നപ്പോൾ നാം നമ്മോട് തന്നെ ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. പ്രളയത്തിൽ നാമും പ്രതികൾ ആണോ? യഥാർത്ഥത്തിൽ നേരിട്ടും അല്ലാതെയും നാം പ്രകൃതിയോട് ചെയ്ത തിന്മകളുടെ ഫലമാണ് പ്രളയം, പുഴയിൽനിന്ന് മണൽ വാരുമ്പോഴും, കുന്നിടിക്കുമ്പോഴും, വയൽ നികത്തി കെട്ടിടങ്ങൾ പണിയുമ്പോഴും മരങ്ങൾ വെട്ടി നശിപ്പിക്കുമ്പോഴും നാം അറുത്തു കൊണ്ടിരുന്നത് പ്രകൃതിയുടെ ഞരമ്പുകളെ ആയിരുന്നു പ്രകൃതിയുടെ ജീവധാരയായിരുന്ന തെളിനീരുകളായ നദികൾ ഇന്ന് മാലിന്യ കൂമ്പാരങ്ങൾ ആണ്. ഇന്ന് നാം ശ്വസിക്കുന്നത് ഓക്സിജൻ അല്ല, വിഷമയമായ മറ്റു വാതകങ്ങളാണ്. പ്രകൃതി തികച്ചും അന്ധയാണ്, എങ്ങും കാണാനാകുന്നത് വെറും ബിൽഡിംങ്ങുകളും മാളികകളും. പ്രളയം എന്നത് പ്രകൃതി ക്ഷോഭിച്ചത് മാത്രമല്ല. നമ്മളുടെ ചൂഷണത്തിനെതിരെയുള്ള പ്രകൃതിയുടെ പ്രതികരണംകൂടിയാണ്. പ്രളയത്തിൽ നാമും പ്രതികളാണ്.



# ആസ്വാദനകുറിപ്പ്



ശ്രദ്ധ ടി എം

ബ്ലീക്ക് ഹൗസ്-ചാൾസ് ഡിക്കൻസ്

അനശ്വരനായ സാഹിത്യകാരൻ ചാൾസ്ഡിക്കൻസിന്റെ തൂലികയിൽ നിന്നും അടർന്നുവീണ അനശ്വര രചനയായ ബ്ലീക്ക് ഹൗസ് എന്ന കഥ വിക്ടോറിയ കാലഘട്ടത്തിലെ ഇംഗ്ലണ്ടിന്റെ അവസ്ഥ വരച്ചു കാണിക്കുകയാണ്.

ഏസ്തർ എന്ന കൊച്ചുബാലികയിൽ നിന്നുമാണ്കഥതുടങ്ങുന്നത് കർക്കശക്കാരിയായ തന്റെ വളർത്തമ്മക്കൊപ്പമാണ് അവൾ ജീവിച്ചത്.




സ്നേഹവും സന്തോഷവും അവൾക്ക് അവരിൽ നിന്നും ലഭിച്ചില്ല.ഒടുവിൽ വളർത്തമ്മ മരിച്ചപ്പോൾ അവൾ വീണ്ടും അനാഥയായി. അവളുടെ പരിചാരികയായിരുന്ന റേച്ചൽ ഏസ്തറിനെ അവളുടെ നിയമപരമായ രക്ഷിതാവായ ജാൺ ഡൈസിനെ ഏൽപ്പിക്കുന്നു. അങ്ങനെയവൾ ഗ്രീൻ ലീഫ് എന്ന വിദ്യാലയത്തിൽ ചേരുന്നു.അവിടെ അവൾ ഏവരുടെയും പ്രിയപ്പെട്ടവളായി മാറുകയാണ്.ഒടുവിൽ പഠനം കഴിഞ്ഞ് അവൾ ബ്ലീക്ക് ഹൗസിലെത്തുന്നു.അവിടെ അവളുടെ കൂട്ടുകാർ റിച്ചാർഡും ഏയ്ഡയും ആയിരുന്നു.ജാൺ ഡൈസ് ആൻഡ് ജാൺ ഡൈസ് കേസിലെ വിധിക്കായി കാത്തിരിക്കുകയാണ് അവർ.



അങ്ങനെ ഏസ്തർ ബ്ലീക്ക്ഹൗസിൽ സുഖമായതിനു ശേഷം ഏസ്തർ വസൂരിപ്പാടുകളുമായി ഉദ്യാനത്തിൽ ഇരിക്കുമ്പോൾ ലേഡി ഡഡ്ലോക്ക് അവളെ പുണർന്നു പറയുന്നു "ഞാനാണ് നിന്റെ അമ്മ". എന്നാൽ നമ്മുടെ അവസാനത്തെ കൂടികാഴ്ചയായിരിക്കും എന്ന് പറഞ്ഞ് ആ ധനികയായ സ്ത്രീ തെരുവിലെ ശ്മശാനത്തിലേക്ക് പോകുന്നു.മണ്ണിൽ "നെമോ" എന്ന് എഴുതുന്നു. ഒടുവിൽ വായനക്കാരന്റെ മനസ്സിൽ ഒരു ചോദ്യം ഉണ്ടായിരിക്കും. ആരാണ് "നെമോ"?

ലണ്ടൻ ജീവിതത്തിന്റെ ആഴങ്ങളിലേക്കു കടന്നു ചെല്ലുന്ന കഥയാണ് ബ്ലീക്ക് ഹൗസ്. വർഷങ്ങൾക്കു മുമ്പത്തെ ലണ്ടൻ നഗരത്തെ വരച്ചിടുന്ന "ബ്ലീക്ക് ഹൗസ്".

# മൊണാലിസ

മുരളി ടി കെ SS Dept



എച്ച് ബി പെൻസിലിൽ കോറിയിട്ട ഒരു രേഖാചിത്ര
മായിരുന്നത്. ചുരുട്ടി അടുപ്പിലേക്ക് തിരുകാൻ
ചെറുപുഞ്ചിരിചുണ്ടുകളിൽ.....വേണ്ട......ഞാൻ ഒരു
ചിത്രകാരനല്ലേ..... ഒന്നുകൂടി നോക്കിയേക്കാം...... ഓ...
ഇതത്ര നല്ല വർക്കൊന്നുമല്ല

ചിരട്ട അടുപ്പിൽ കിടന്ന് പൊട്ടിച്ചിരിക്കുന്ന ......

ക്രൂരമായ എരിച്ചിലിനായി.....വെന്തു മലർന്നു വരുന്ന
ചോറിന്റെ ഗന്ധം.....

കലം മൂടിയതിനിടയിലൂടെ പതഞ്ഞു വരുന്നുണ്ട് ....

വീണ്ടുമൊരു ശവദാഹ ശ്രമം കൂടി...ചുരുട്ടിയ ചിത്രം അടുപ്പിലേയ്ക്ക്.....

ഒരു വക്കിൽനിന്നും തീ പടർന്നു കയറി..... വിരലുകളും കൈകളും കടന്ന്...
അഗ്നിയുടെ ചിറകുകൾ കഴുത്തിലേക്ക്എരിയുന്ന പിടച്ചിലെനിക്ക്
അനുഭവിക്കാം....സന്ധ്യയിലെ അർക്കൻ ചെമ്പു പഴുത്തനിറത്തിൽ.....

ഏത് ചായക്കൂട്ടിൽ നിന്നുമാണിതു കൂട്ടിയെടുത്തത്..............ശ്ശോ.....

അരി തിളച്ചു തൂവി..... താഴോട്ട്...... അടുപ്പിൽ ഒരു ഭാഗം തീയണഞ്ഞു

കൃത്യമായും..... അവിടെ................

ആ.. ചുണ്ടുകളിൽ നേർത്ത പുഞ്ചിരി മായാതെ ....

എന്താ ഇത്ര കൗതുകം.... ഒന്നുമില്ല....ഇതെന്റെ മോണാലിസ

-------------

# പെയ്തൊഴിയാതെ



ദിൽഷ .കെ 9F

കർക്കിടമാസത്തിൽ കൊട്ടും തണുപ്പേകി

അലച്ചെത്തും മഴയിൽ കുതിർന്ന നാടും മേടും

അലറി ഒഴുകുന്ന പുഴയുടെ ഗീതം കല്ലിടുക്കുകളിലും

ഉലഞ്ഞു കേൾക്കുന്ന അനന്തമാം വിണ്ണിനെ

അശ്രു വിലാഴ്ത്തി അമ്പിളി വെട്ടത്തെ കറുപ്പിച്ച

പെയ്തൊഴിയാതെ എന്നും കണ്ണീർ വീഴ്ത്തി

എന്നിൽ വികാരമായി തീർന്ന മഴ



ഒടുങ്ങാത്ത പകയുടെ ബാക്കി പത്രവുമായി

പ്രകമ്പനം കൊള്ളിച്ച് അട്ടഹാസ തിമിർപ്പുമായി

എത്തുന്ന മഴയുടെ സംഗീതം

കാതിൽ ഇരമ്പൽ പോൽ ഉതിർക്കുന്നു

മലരുകളിൽ മന്ത്രനാദം വീട്ടി

പൊഴിയുന്ന മഴയുടെ മധുരമാം ഗീതം

ഇന്ന് നമ്മളിൽ മൂർച്ഛിക്കുന്ന ഓർമ്മയുടെ പുസ്തകതാളുകൾ പോലെ

പെയ്തൊഴിയാതെ എന്നും കണ്ണീർ വീഴ്ത്തി

എന്നിൽ വികാരവുമായി തീർന്ന മഴ



# The first drops of Kerala



AISWARYA
8A

The first drops of joyful June
Kissed the dry soil of may
The soil smells nicely
Soil's smell put the perfumes
Smell backward

The tears of cloud soothed
The hardness of earth
And the brown Kerala
Became green and the fields
Of Kerala was filled with
Water and frogs began to cry

We all should love and
Respect our nature as
Our mother

# മറക്കാത്ത അനുഭവം



അഭിനവ് 9A

ഞാൻ തവനൂർ സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗമാണ് 8 ൽ പഠിക്കുമ്പോഴാണ് എനിക്ക് ഐടി ക്ലബ്ബിൽ സെലക്ഷൻ കിട്ടിയത്.ഞാൻ ഇലക്ട്രോണിക് വിഭാഗമാണ് എടുത്തിരുന്നത്. പല സ്കൂളുകളിലും പോയി ക്യാമ്പുകളിൽ പങ്കെടുത്തു.പല പല അറിവുകളുംകിട്ടി. ഐ ടി യെകുറിച്ച് കിട്ടിയ അറിവുകൾ വളരെ ഉപകാരപ്രദമായിരുന്നു. 9 ൽ എത്തിയപ്പോൾ കുട്ടിക്കൂട്ടം എന്നപേരിൽ മാറ്റംവന്നു ലിറ്റിൽ കൈറ്റ്സ് എന്ന പേരായി.ലിറ്റിൽ കൈറ്റ്സ്അംഗം എന്നപേരിൽ ഞങ്ങൾക്ക് പ്രത്യേകതരം ഐഡി കാർഡ് ലഭിച്ചു. ആദ്യത്തെ ഞങ്ങളുടെ ലിറ്റിൽ കൈറ്റ് ക്ലാസ്ആനിമേഷൻവീഡിയോകൾ കാണിച്ചായിരുന്നു അതിലൊന്ന് വരച്ച ചിത്രങ്ങൾ വച്ച് ചെയ്തതും മറ്റൊന്ന് ഗ്രാഫിക്സ് ഉപയോഗിച്ചു ചെയ്തതും.അതോടൊപ്പംതന്നെ പല ചുമതലകളും ഞങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തി. അടുത്ത ക്ലാസ്സ് അനിമേഷൻ എങ്ങനെ ചെയ്യാം എന്നുള്ളതായിരുന്നു. ആനിമേഷൻ ഞങ്ങൾ പല പലതരത്തിലും ചെയ്തു ബാക്ക്ഗ്രൗണ്ട് ചലിക്കുന്നതും ഒബ്ജക്റ്റ് ചലിപ്പിക്കുന്നതും ട്യൂണിംഗ് തുടങ്ങിയവ.

ജി എച്ച് എസ് എസ് മൂക്കുതല എന്ന സ്കൂളിൽ നടക്കുന്ന പ്രോഗ്രാമിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിന് അവസരം കിട്ടി.പ്രോഗ്രാംചെയ്യാൻ വേണ്ടി എനിക്കുംഅസീമിനു സ്കൂളിൽനിന്ന് ഒരു ലാപ്ടോപ് തന്നിരുന്നു. അതുകൊണ്ടുതന്നെ അവിടെ ചെയ്ത പ്രവർത്തനങ്ങളെല്ലാം വളരെ എളുപ്പമായിരുന്നു .എല്ലാ പ്രവർത്തനങ്ങളും സാർ സാറിൻെറ ലാപ്ടോപ്പിൽ കാണിച്ചു തരുമ്പോൾ തന്നെ എഴുതി എടുത്തിരുന്നത് കൊണ്ട് വീട്ടിൽ പോയി ചെയ്തു നോക്കുവാനും പഠിക്കുവാനും വളരെ എളുപ്പമായിരുന്നു. ആദ്യം പറഞ്ഞു തന്നത് ഐ ടി യെ കുറിച്ച് പഠിക്കുന്നതിന് ഉപരി പുതിയ കൂട്ടുകാരെ പരിചയപ്പെടുകയും അവരുടെ വിവരങ്ങൾ അറിയുകയും ആണ് എല്ലാവരെയും അഞ്ചുമിനുട്ട് പരിചയപ്പെടാൻ സമയം തന്നു എല്ലാവരും ആവുന്നത്ര കൂട്ടുകാരെ പരിചയപ്പെട്ടു എനിക്ക് ഏഴു കൂട്ടുകാരെ പരിചയപ്പെടാം സാധിച്ചു ആദ്യം പഠിച്ചത് മോർഫിംഗ്ക്രോപ്പിംഗ് ആയിരുന്നു അതിനു ശേഷമാണ് പ്രോഗ്രാമിന് flood rescue എന്നൊരു ഗെയിം സ്ക്രാച്ച് ഉപയോഗിച്ച് ചെയ്തു അതിനുശേഷം എംഐടി ആപ്പ് ഇൻവെൻഡർ ഉപയോഗിച്ച് കാൽക്കുലേറ്റർ ടോർച്ച് ഉണ്ടാക്കി.

# THE NATURE

Rashida 9A

Emerald green with its pristine beauty and elegance
Nature, the beauty of one's pure mind and symphony
Oh God! What the beauty of Nature
Lay as emerald green

The flowers bloom and the fragrance
Spread all the way
That pleasant moments give us
Pleasure happiness and joyful moods

The different kinds of beautiful flowers
Make the environment
More bright and beautiful
The flowers with colourful petals,
The birds with colourful feathers



And all these make our nature
More beautiful
The sweet melodies of cuckoo
Refresh our mind
The butterflies sucking honey
From flowers
The cool air from surrounding
Makes our mind more clear

The clouds in the sky like the heap of snow
The flying birds with colourful feathers
In the night ,the scene of shining stars
Like a glow worm or diamond
The wonderful and amazing sights
The sound of water flowing through
Streams,rivers and seas bring our mind peace

The beautiful scenes from dawn to dust
Oh God! What the beauty of Nature

Lay in its pristine beauty and elegance
The smiling sun looked at me and nodded
All these are the gift presented by
the ALMIGHTY

# മഴ



നവ്യ 9E

ഇടവപ്പാതിയിലും മഴപെയ്തു

ഇടവഴിയും പുഴയും നിറയുന്നു

ഭൂമിക്കൊരു ആശ്വാസമായി നിന്നു

പുതുമഴ പൂമഴ പെയ്യുന്നു

തുമ്പി കുട്ടൻ തുള്ളുന്നു

തുമ്പപ്പൂവിൽ ഇരിക്കുന്നു



മഴയുടെ നൃത്ത ചുവടുകളായ്

മയിലോ നൃത്ത പീലികളായ്

തവള കുട്ടൻ ചാടിച്ചാടി

കുണിൻ ചുവട്ടിൽ ഇരിപ്പായി

മഴയുടെ നാളം ഇടിയുടെ മേളം

ഇടിമിന്നൽ പൊടി പൂരം

ഇനിയും പെരുമഴ പെയ്താലോ

വേനൽ ചൂടുമകറ്റാലോ.

# THE DAMSEL AND FRIENDS



Aadinandan 8A

Once up on a time three lived in a village ,a carpenter , a tailor ,a gold smith and a Brahmin preist. They were close friends. Eventhough they were experts in their own professions, their talents were not recognised in the village. So they decided to go and live in a city to try their luck.

They proceeded to the city with their luggage . In the evening they reached a forest. As they were quite tired,they decided to take rest. They sat under a tree and took their food.

Sounds of wild animals frightened them . They were afraid of robbers as well . So they decided to keep vigil by turns for each quarter of night. The first turn went to the carpenter. He was very and in the habit of sitting idle. His mind was always busy with some thought or other. He thought a beautiful girl. Then the carpenter took out his tools and carved the figure of a beautiful girl out of wood. It looked like a real girl. After the first quarter of the night ,it was the turn of tailor to watch. He saw the girl. He liked it very much. He wished to stitch a beautiful dress for her. He dressed the wooden girl with the beautiful dress that he had made . It looked more attractive. Now it was the turn of the gold smith to watch. He saw the wooden figure of a beautiful girl dressed in fine garments. “I too must exhibit my workmanship”. He made some ornaments to the wooden girl. The last turn to keep vigil was that of the Brahmin. The brahmin gave life to the wooden girl.

All the four friends raised their claim on her . It led to a quarrel. The king came to the four friends. The four friends told the whole story. The king declared his decisions 'The carpenter carved the figure ,hence he is the father. The tailor stiched the dress,so he would be her brother. The Brahmin had put life to her ,so he become her teacher. The right to become her husband is who made her wear the ornaments'. The goldsmith married her and happily they lived.

# കാത്തിരിപ്പ്

മിസിരിയ
VHSE

ഈ ഹൃദയ വീഥിയിൽ തനിക്കെന്നും

ഇനിയും മനസ്സിൽ നിലവിളക്കിനെ..........

ഒരിക്കലും അണയാതിരിക്കാൻ നിനക്കായ്

മിഴികൾ  അടക്കാതിരിപ്പൂ ഞാനും

നിറമുള്ള പൂക്കളെ തഴുകിത്തലോടി

അകലെ മറയും തണുത്ത  കാറ്റേ.........

ഒരു നാളെനിക്കായി നീ വരമായി

ഒരു നൂറു വർണ്ണ രാഗങ്ങൾ നൽകു.........

അന്തി  തൻറെ  തിരു നാള  ഒറ്റക്കിരിക്കുമ്പോൾ

എന്തിനോ അണയുന്ന  മിന്നാമിനുങ്ങേ......

ആരോരുമറിയാതെ നിനക്കായ്  നീ നിൻെറ

ആകാശ ഭംഗിയാൽ നൃത്തമാടൂ.........

ഏതോ ഗന്ധർവ്വ  സംഗീതമെന്ന പോൽ
എന്നെ ഉണർത്തുന്ന ഓളങ്ങളെ.........

ഇനിയും  പിറക്കാത്ത ദിവസത്തിനായി ഞാൻ
അണയാത്ത നാളമായി കാത്തിരിപ്പൂ............

## എന്റെ പൂച്ച

**Shibin**



പമ്മിപ്പമ്മി ദാ വരുന്ന
കറുത്ത പുതപ്പിൽ പൊതിഞ്ഞ്
എന്റെ സ്വന്തം കാക്കക്കറുമ്പി....
കറുപ്പാണെങ്കിലും അവളൊരു സുന്ദരിയാണ്
നീലകണ്ണും, നീണ്ടുരുണ്ട വാലും, കട്ടിമീശയും,
അവൾ എന്റെ സ്വന്തം കാക്ക കുറിഞ്ഞി..
ഇതാ അവൾ എൻറെ അടുത്തേക്ക് വരുന്ന
എന്റെ മടിത്തട്ടിലാണ് അവളുടെ ഇരിപ്പും ഉറക്കവും
അവൾ എന്റെ ഒറ്റ കൂട്ടുകാരിയാണ്
എന്റെ സങ്കടത്തിലും, സന്തോഷത്തിലും
അവൾ എന്റെ വഴികാട്ടിയാണ്...
എന്റെച്ചൂടേറ്റാണവളുറങ്ങുന്നത്
അവളുടെ ശബ്ദം കേട്ടാണ് ഞാൻ ഉണരുന്നത്
അവളെന്റെല്ലാമാണ് .
നിറഞ്ഞ സ്നേഹത്തിൻ നിറകുടം
എന്റെ കുറിഞ്ഞിപ്പൂച്ച.

## മാതൃ സ്നേഹം



**അമൃത.സി.പി 9 A**

മനുഷ്യഹൃദയത്തിൽ
മാധുര്യം ഉളകുന്ന സ്നേഹത്തിൻ രൂപ പ്രതീകമാണമ്മ
വെയിലേറ്റുപൊള്ളുന്ന കുഞ്ഞിനുതണലേകും വൃക്ഷമാണമ്മ
മനുഷ്യഹൃദയത്തിൽ മാധുര്യം ഉളകുന്ന സ്നേഹത്തിൻ രൂപ പ്രതീകമാണമ്മ
ഇടനെഞ്ചിൻ താളമാണമ്മ
ജീവിതവിജയത്തിൻ മാർഗവുമമ്മ .

# GOOD MANNERS



Divya.p
English Dept.

1.Don't shout to be heard
2.Don't ignore anyone
3.Don't interrupt others while they are talking
4.Always greet the elder and women first
5.Don't put your elbow on the table while eating
6.Always discuss in a friendly way
7.Don't open a closed door until you have
8.Don't read anyone's letter or anything he has written unless he is asked
9.Don't go through anyone's things without his/her permission
10.It is  important for you to respond to someone who wishes you



## കുഞ്ഞു പൂവ്



അഞ്ജലി 9A

എന്നും മുറ്റത്ത് ചിരിതൂകി നിൽക്കും കുഞ്ഞു പൂവ്

എന്നെ കണ്ടാൽ തലയാട്ടി നിൽക്കുന്ന കുഞ്ഞു പൂവ്

രാവിലെ സൂര്യനുദിക്കുന്ന മുൻപേ ഉണരുന്ന എന്നുടെ കുഞ്ഞുപൂവ്

കിളിനാദം കേട്ടു കാറ്റത്ത് ആടിയുലയുന്ന കുഞ്ഞു പൂവ്

സന്ധ്യമയങ്ങും നേരത്ത് അമ്പോ വാടി തളരുന്ന കുഞ്ഞു പൂവ് മുറ്റത്ത് ചിരിതൂകി നിൽക്കും കുഞ്ഞു പൂവ്

## കിളികളുടെ സൗന്ദര്യം



**ഷിബില--**
9സി

കാറ്റിൻെറ കൈ പിടിച്ചെത്തുന്ന പക്ഷിതൻ

സൗന്ദര്യമാസ്വദിക്കാനെനിക്ക് മോഹം

എൻ ജാലക പഴുതിലൂടെ എത്തി നോക്കി

ഞാനാചില്ലകളിലേക്ക്

മാരിവില്ലിൻ ചമയങ്ങൾ വാർത്തെടുത്ത ആ

കിളിക്കുഞ്ഞിതാ മന്ദഹസിക്കുന്നു

ചുണ്ടുകൾക്കൊപ്പം ചലിക്കുന്ന കണ്ണുകൾ

ഞാനത് വിസ്മയമായി നോക്കിനിന്നു

വർണ്ണാഭമായ നിൻ മേനി ഞാൻ

പകർന്നെടുത്തോട്ടെൻ പുസ്തകതാളിലേക്ക്

കിളിക്കൊഞ്ചൽ മൊഴിയുന്ന നിൻ

അരികിലേക്ക് ഒരു പിടിയരിയുമായി

ഞാൻ നീങ്ങി നിന്നു

ശബ്ദമുണ്ടാക്കാതെ ഞാനെൻവിരൽ മെല്ലെ

നിവർത്തി ലോലമാമവളുടെ മേനി

മെല്ലെ തഴുകി ,അവളതാ

അകലുന്നു അകലേക്ക് മറയുന്നു

വിഹായസ്സിൻ മാറിലേക്ക് അവളിതാ പറന്നകലുന്നു

# അമ്മ

**ഉണ്ണിമായ.പി**

മഞ്ഞിൽ കുതിർന്ന പനിനീർപ്പൂ പോലെ

തിളങ്ങി നിൽക്കുന്നിതായെന്നമ്മ

സ്നേഹത്തിൻ നാളം കരകവിഞ്ഞൊഴുകി

സൂര്യനെ പോലെ തിളങ്ങുന്നിതാ എന്നമ്മ

അടുക്കളയ്ക്കുള്ളിൽ വേവുന്ന മനസ്സുമായി

വാതിൽക്കൽ നിൽക്കുന്ന അമ്മ




പാതി മയങ്ങിയ മനസ്സുമായി ജീവിക്കും

ഓർമയാണ് എന്നമ്മ

ജീവിതത്തിലെന്നും നൊമ്പരങ്ങളുമായി

അടുക്കളയിൽ ജീവിക്കുന്ന എന്നമ്മ

മഞ്ഞിൽ കുതിർന്ന

പനിനീർ പൂ പോലെന്നമ്മ



## കുട്ടിക്കാലം

നന്ദന

9C

കുഞ്ഞുടുപ്പിട്ടു ഓടിനടന്ന ആ വസന്തകാലം
പടിക്കലെ മാവിൻറെ കൊമ്പത്ത് നിന്ന്
മാങ്ങ വീഴുന്നത് കാത്തിരിക്കുന്ന ആ പഴയ കാലം
ഞാവൽ മരത്തിലെ പറവ യോട്
കിന്നാരം പറഞ്ഞിരുന്ന ആ മധുര കാലം
ജൂണിലെ ഇടിയേയും മഴയേയും ഭയാനകമായി
വീക്ഷിക്കുന്ന ആ നല്ലകാലം
എഴുതാൻ പഠിക്കുന്നതിന് മുമ്പേ
ചുമരിലെ വരകളെ ഏറെ ഇഷ്ടപ്പെട്ട
ആ ജീവിതകാലം
കണ്ണീരൊലിപ്പിച്ച് വാശിപിടിച്ച് ഉമ്മറത്തിണ്ണയിൽ
തലകുനിച്ചിരുന്ന ആ കുട്ടിക്കാലം



# My beloved Mom



Mom my mom how great is your love
Your love for me
Is deeper than oceans

Mom!How wonderful is your prayer

Your prayer for me
Is higher than the mountains

How great is your teaching
You taught me everything

I learnt to live and grow
Under the eyes of my beloved mom

Aadinandan.M
8.A

# A BRITTLE STAR



"Twinkle twinkle small sea star
I knew well what you are;

A case study in geometry
With perfect five fold symmetry"

**Yahya-9A**



അശ്വനി 10 F

## മരതക മരം

മരമെവിടെ ഹരിതഹരമെവിടെ

വരുണന്റെ വരപുത്രി മഴയെവിടെ

മഴയെവിടെ കുളിർപ്പുഴയെവിടെ

മഴവില്ലാമഴകിന്നു മഴയെവിടെ

കാറ്റെവിടെ ഇളംകാറ്റെവിടെ

കാറ്റിന്ന് മാറ്റുകൂട്ടാൻ

കാവടി കുന്തലാട്ടാൻ

കാടിൻറെ തൊടിയിലെ മരമെവിടെ

മണ്ണെവിടെ വിണ്ണിൻ പൊന്നെവിടെ

മണ്ണിൻ മകനായവതരിക്കാൻ

മണ്ണിൻ മാറിൽ വിരൽ പതിക്കാൻ

മണ്ണിൻ യാത്ര നകർന്നൊതുക്കാൻ

മരമെവിടെ.....




സ്വയം വെയിൽ കൊണ്ടിട്ടും

തണൽ തന്നത് മരമല്ലോ!

സ്വാർത്ഥ ചിന്തവെടിഞ്ഞൊരു

സുകൃതില്ലോ ; വിശ്വപ്രകൃതിയല്ലോ!

## അച്ഛൻ ആകുന്ന ദീപം



റിൻഷിദ 10 A

ഞാൻ ജനിച്ചത് ഈ മണ്ണിൽ

ഞാൻ വളർന്നതും ഈ മണ്ണിൽ

പിച്ചവെച്ചത് ആ ഇരു വിരലിൽ തൂങ്ങി

കഥകൾ പഠിച്ചതാതൂമൊഴിയിൽനിന്ന്

കരയുന്ന എൻമനസ്സിനെ താങ്ങാൻ എന്നച്ഛൻ

തളർന്നു പോകും നേരം തണൽ ആണ് എന്നച്ഛൻ


കാതിൽ തേനൂറും പാട്ടുകൾ പാടിത്തന്നു എന്നെ

തഴുകുന്ന നാദമാണ് എന്നച്ഛൻ

എന്റെ കിനാവുകളിൽ എന്നും നിറഞ്ഞു

നിൽക്കുന്ന സൂര്യനാണ് എന്നച്ഛൻ

അകലെയാണെങ്കിലും എൻ അരികത്ത് എന്നുമുണ്ടെന്നച്ഛൻ



മറുനാട്ടിലെരിയുകയാണെന്നച്ഛൻ

അമ്മയെൻ മനസ്സാണെങ്കിൽആ മനസ്സിന്റെ

തുടിപ്പാണെന്നച്ഛൻഎൻ കാവലാളാണ് എന്നച്ഛൻ

മനസിലെ ഇരുട്ട് നീക്കുന്ന ദീപമാണ് എന്നച്ഛൻ

മനസ്സിലെ ഏകാന്തതയിൽ നിന്നെ കര കയറ്റുന്ന കരമാണ് എന്നച്ഛൻ

മനസ്സിലെ സങ്കടങ്ങൾ ഞാൻ എന്നുംപറയുന്നതുമെൻ അച്ഛനോട്

കാണാൻ ഒരുപാട് ആഗ്രഹമുണ്ടെങ്കിലും വിദൂരത്താണ് എന്നച്ഛൻ ആ തേജസ്സ്

കാണാതെ ഇന്നെനിക്ക് ഉറക്കമില്ല....

# കുട്ടിയെ രക്ഷിച്ച പൂച്ച

കീർത്തി.കെ

ഒരിടത്ത് ഒരു കച്ചവടക്കാരൻ ജീവിച്ചിരുന്നു . അയാൾക്കൊരു ഭാര്യയും ഒരു കൊച്ചു മകനും ഉണ്ടായിരുന്നു. കച്ചവടക്കാരൻ ജോലി ചെയ്തുവരുന്ന സമയത്ത് ഒരു കൊച്ചു കുറിഞ്ഞി പൂച്ചയെ കണ്ടു. അയാൾ അതിനെ വീട്ടിലേക്ക് കൊണ്ടുപോയി. പാലും പഴവും കൊടുത്ത് അയാൾ അതിനെ വളർത്തി. പക്ഷേ അത് കച്ചവടക്കാരൻെറ ഭാര്യയ്ക്ക് ഇഷ്ടപെട്ടില്ല. അവൾക്കു കുറിഞ്ഞി പൂച്ചയോട് വല്ലാത്ത ദേഷ്യം തോന്നി. കടക്കാരൻ ജോലിക്ക് പോകുന്ന സമയത് അവൾ അതിനെ വല്ലാതെ ഉപദ്രവിക്കും. എന്നാൽ ഇതൊന്നും കച്ചവടക്കാരൻ അറിഞ്ഞിരുന്നില്ല. ഒരുദിവസം കച്ചവടക്കാരനോട് ഭാര്യ പൂച്ചയെ എവിടെയെങ്കിലും കൊണ്ടുപോയി കളയാൻ പറഞ്ഞു. കച്ചവടക്കാരൻ സമ്മതിച്ചില്ല . കച്ചവടക്കാരൻ ജോലിക്കുപോയ സമയത്ത് അദ്ദേഹത്തിൻറെ ഭാര്യ വെള്ളം കോരാൻ വേണ്ടി പോയി. അവളുടെ മകനെ തറയിൽ കിടത്തിയിട്ട് പോയി. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഒരു പാമ്പ് വീടിനകത്തേക്ക് കയറി. അതു പൂച്ച കണ്ടു പൂച്ച ഓടിച്ചെന്ന് പാമ്പിനെ കടിച്ചു കൊന്നു. കച്ചവടക്കാരനെ ഭാര്യ വെള്ളം കോരി വന്നപ്പോൾ മുറിയിൽ ചോര കണ്ടു. അവൾ പൂച്ചയെ ഒരുപാട് തല്ലി. ഒന്നുകൂടി ശ്രദ്ധിച്ചുനോക്കിയപ്പോഴാണ് പാമ്പിനെ കണ്ടത്. അവൾ പൂച്ചയെ കോരിയെടുത്ത് തഴുകി. അവൾക്ക് പൂച്ചയെ വളരെയധികം ഇഷ്ടമായി.



# ബന്ധങ്ങളുടെ വില

അഭിഷേക്

ജനലഴികളിലൂടെ അവൾ പുറത്തേക്ക് നോക്കി നിന്നു അപ്പുറത്ത് സ്കൂൾ മണി മുഴങ്ങുന്നത് പീലി കാതോർത്തു കേട്ടു .കുറച്ചുദിവസമായി ടീച്ചർ ഫീസ് ചോദിക്കുന്നു കൊടുക്കാൻ കഴിയാത്ത അവൾക്കു സ്കൂളിൽ പോകാൻ കഴിയുന്നില്ല. അച്ഛൻ മരിച്ച അവൾക്ക് അമ്മ ജോലി ചെയ്തു കിട്ടുന്നതായിരുന്നു ഏക സമ്പാദ്യം അതോർത്ത് അവളുടെ കണ്ണിൽനിന്ന് അറിയാതെ കണ്ണുനീർ പൊഴിഞ്ഞു

ഉച്ചയൂണു സമയത്ത് ഇന്നലെവരെ ഒപ്പമുണ്ടായിരുന്ന അനുമോൾ എന്ന കൂട്ടുകാരിയെ അവളോർത്തു. ഇന്നലെവരെ ഒരുമിച്ചു നടന്ന ആ ദിനങ്ങൾ അന്ത്യമായത് അവൾ കരഞ്ഞു . നിവൃത്തിയില്ലാതെ അമ്മയുടെ മനസ്സിൽ സങ്കടം അലതല്ലി.

ഇന്ന് സ്കൂളിൽ വരാത്ത അവളെ തിരക്കി അവളുടെ വീട്ടിലേക്ക് അനുമോൾ എത്തി. രണ്ടുപേരും ഒരുമിച്ച് ഭക്ഷണം കഴിച്ചു. ഇന്നലെ വരാത്തതിനെ കുറിച്ച് അനുമോൾ അന്വേഷിച്ചു. അത് അവളെ വല്ലാതെ വിഷമിപ്പിച്ചു .അനുമോൾ അവൾക്ക് അമ്മ ഉടുപ്പ് വാങ്ങാൻ കൊടുത്ത പൈസ പീലിയ്ക്ക്കൊടുത്തു. .ഇതറിഞ്ഞ അമ്മയുടെ മുഖത്ത് വെളിച്ചം കണ്ടു, കണ്ണുകൾ നിറഞ്ഞു .അങ്ങനെ പീലി വീണ്ടും കൂട്ടുകാരോടൊത്ത് സന്തോഷത്തോടെ പള്ളിക്കൂടത്തിലേക്ക് പോയി.



## പ്രളയം

ശസ്ത്രക്രിയ മുറിയിലെ മൂർച്ചിക്കുന്ന

കത്രിക യേക്കാൾ വേഗത്തിൽ

ഓടിയെത്തുന്ന മഴയിൽകുതിർന്ന നാട്ടും മേട്ടും

ധമനിയിൽ നിന്നും രക്തമൊഴുകുന്ന തിനേക്കാൾ

വീര്യത്തിൽ ഭാരതപ്പുഴയെകവിഞ്ഞൊഴുക്കിയ പേമാരി......

സൂര്യപ്രകാശം ഭൂമിയെ തലോടുന്ന ദിനം വേഗത്തിൽ

ഇരമ്പലോടെ പാഞ്ഞെത്തുന്ന മഴയിലെ

മുങ്ങിയ വിജനമാം വീഥികൾ

ഇന്നും ഹൃദയ താളുകളിൽ

ഒരു തേങ്ങൽ പോലെ പ്രതിധ്വനിക്കുന്നു

കാഠിന്യം ആ ലോഹം പോലെ

കഠിനമാം പ്രതിസന്ധികൾ താണ്ടി

കരകയറുന്ന നമ്മുടെ നാടിൻ

ചരിത്ര ലിപികളിൽ ദുരന്തംവർഷിച്ച ദിനങ്ങൾ........

വിക്കി പ്രകാശസംശ്ലേഷണ പ്രക്രിയയെ കാൾ

രമ്യതയിൽ പ്രവർത്തിച്ച ദുരിതാശ്വാസക്യാമ്പുകൾ...........

പറയാതെ പറയുന്ന ഒരുമയുടെ കഥകൾ.......

ശസ്ത്രക്രിയ മുറിയിലെ മൂർച്ചിക്കുന്ന

കത്തിയേക്കാൾ വേഗത്തിൽ

ഓടിയെത്തുന്ന മഴയിൽകുതിർന്ന നാട്ടും മേട്ടും

ഇന്നും ഹൃദയ താളുകളിൽ

ദിൽഷ 9 F

# അശാന്തി



Sheeja.K
English Dept.

ജീവിതംസ്വപ്നങ്ങളിലുടെയുള്ള യാത്രയല്ല
പിന്നെയും അനുസരണക്കേടുകളുടെയും
ധിക്കാരത്തിൻേറയും ധാർഷ്ട്യത്തിൻേറയും
ഒരുക്കു കൂട്ടലുകളിൽ
എന്നോ കൈമോശം വന്നു
പോയ വ്യക്തിത്വത്തിൻ
വ്യതിരിക്തമാംകാഴ്ചകളിലൂടെയുള്ള
ഒരു പ്രതിബിംബമാണെന്നും
ഞാനറിഞ്ഞ ഈ ഏകാന്തരാവുകൾ
ചിരിമാഞ്ഞുപോയ മുഖങ്ങളിൽ
മൗനത്തിൻേറയും നിസ:ഗതയുടെയും നിറ ക്കൂട്ടുകൾ
ഓർമ്മകളിൽ നിന്നും മറവിയിലേക്കൊരു പടിയിറക്കം
ബന്ധങ്ങൾ കെട്ടുകളായി മുറുകുമ്പോൾ
ഒരു പറവയായി ഉയരാൻ
ഇനിയും കാതങ്ങളകലെയല്ലൊ.

# ജൈവവൈവിധ്യത്തിൻെറപ്രാധാന്യം



നെഹ്‌ല 9F

നിലംപറ്റി വളരുന്ന കുഞ്ഞ് ചെടികൾ മുതൽ മാനംമുട്ടെ വളരുന്ന വൻമരങ്ങൾ വരെയും കണ്ണുകൊണ്ടു കാണാനാവാത്ത സൂക്ഷ്മജീവികൾ മുതൽ കണ്ണുനിറയെ കാണാനാവുന്ന വമ്പൻ ജന്തുക്കൾ വരെയും ഉൾപ്പെടുന്നതാണ് ഈ പ്രപഞ്ചം .ഇവയുടെ ആകെ തുകയാണ് ജൈവവൈവിധ്യം.നമ്മുടെ നിത്യജീവിതത്തിൽ ജൈവ വൈവിധ്യത്തിന് പ്രാധാന്യമേറെയാണ്. മൃഗങ്ങൾ,വനവിഭവങ്ങൾ, ഭക്ഷ്യവസ്തുക്കൾ, മത്സ്യസമ്പത്ത് തുടങ്ങിയവ പ്രദാനം ചെയ്യുന്നത് ജൈവവൈവിധ്യമാണ്. . മനുഷ്യർക്കുള്ള പ്രധാനപ്പെട്ട നിരവധി ഔഷധങ്ങൾ ഉല്പാദിപ്പിക്കുന്നത് നമ്മുടെ സസ്യങ്ങളിൽനിന്ന് ആണ്. കൂടാതെ തടി, എണ്ണ, ഭക്ഷ്യസാധനങ്ങൾ, വ്യവസായിക അസംസ്കൃത വസ്തുക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചായങ്ങൾ, കടലാസ്, മെഴുക്, റബ്ബർ, കറകൾ, പശകൾ, കീടനാശിനികൾ തുടങ്ങി നിത്യജീവിതത്തിലെ എത്രയോ സാമഗ്രികൾ ഇവ മനുഷ്യർക്ക് നൽകുന്നു വിവിധ മേഖലകൾക്കുള്ള സാമ്പത്തിക സ്രോതസ്സ് കൂടിയാണ് ജൈവവൈവിധ്യം. മണ്ണ് രൂപീകരണം , സംരക്ഷണം എന്നിവയിലും ജൈവവൈവിധ്യത്തിന് പ്രാധാന്യമുണ്ട്. സൂക്ഷ്മ ജീവികൾ നമുക്ക് നൽകുന്ന ഉപകാരങ്ങളും ചുരുക്കമല്ല. ജൈവാവശിഷ്ടങ്ങളെ ജീർണ്ണിപിക്കുന്നതും പാൽ തൈരാക്കുന്ന അടുക്കളയിലെ മാന്ത്രികനായി മാറുന്നതും സൂക്ഷ്മജീവികൾ തന്നെ. നാം ആവാസവ്യവസ്ഥയിലെ ഒരു കണ്ണിയാണ്. ഇതിൽ ഏതെങ്കിലും ഒരു കണ്ണിക്ക് നാശംസംഭവിച്ചാൽ അത് സർവ്വചരാചരങ്ങളെയും ബാധിക്കും. ആ ജൈവവൈവിധ്യം കാത്തുസൂക്ഷിക്കേണ്ടത് നമ്മളോരോരുത്തരുടെയും ചുമതലയാണ്. നമുക്കൊന്നോർക്കാം..... നമുക്ക് ജീവിക്കാൻ ഭൂമിയുടെ ആവശ്യമുണ്ട് ,എന്നാൽ ഭൂമിയുടെ നിലനിൽപ്പിന് മനുഷ്യനെ ആവശ്യമില്ല.

# എനിക്ക് പ്രിയപ്പെട്ടവർ



അമ്പിളി
മലയാളവിഭാഗം

പുലരുമ്പോൾ മുതൽ കറങ്ങുന്ന ചക്രങ്ങൾ
മിക്സിയും വാഷിങ് മാഷിനും
മോട്ടോറും വണ്ടിയും ഇവയെല്ലാം
എനിക്കിഷ്ടമാണ്

അവയാണെന്നെ മനസ്സിലാക്കുന്നത്
എന്റെ പ്രിയപ്പെട്ടവർ
ആരുപറഞ്ഞു അവയ്ക്ക് ഹൃദയമില്ലെന്നു
ആ ഹൃദയമെനിക്കായ് തുടിക്കുന്നു
പ്രവർത്തിക്കുന്നു
എന്നെ സഹായിക്കുന്നു
അവരോടൊപ്പം ഒരു മെഷീനായി
എന്നെയും പരിഗണിക്കുന്നു

സ്നേഹത്തോടെയുള്ള എന്റെ
തലോടൽ മതി അവയ്ക്ക്
എന്റേതെന്നുപറയാൻ മറ്റൊന്നും
എനിക്ക് സ്വന്തമല്ലല്ലോ
എന്റെ പേരിൽ ലഭിക്കുന്ന

മറ്റെല്ലാത്തിനും അവകാശികൾ ഉണ്ടല്ലോ
പക്ഷെ അവ അറിയുന്നില്ല
എന്റെ പ്രിയപ്പെട്ടവർ
ആരൊക്കെയെന്ന്
ആശ്വാസം തരുന്ന ഗാനങ്ങളും
പുസ്തകങ്ങളും അവയും

## മാനസം

ഷാബിഷണ്മുഖൻ

മേഘമൽഹാർ രാഗത്തിനും
ഗുൽമോഹർ പൂക്കൾക്കും ഇടയിൽ
അതീന്ദ്രമായ അസ്വസ്ഥതയും
ഭയവും ത്രസിക്കുന്നു.......

മുളംതണ്ട് കീറുന്ന ശബ്ദത്തോടെ
തീരം തഴുകിവരുന്ന കാറ്റ്
എന്നിൽ നിറയുമ്പോൾ
വേണിതമായൊരു ലഹരിയിൽ
തടവിലാകുന്നു ഞാൻ

അർദ്ധശൂന്യമായ കവിതയിൽ
തിമിരം ബാധിച്ച കണ്ണിലും
കണ്ണുനീരിൻ ഉപ്പുരസമാണെന്നറിയുമ്പോൾ
ഹൃദയത്തിൽ നിന്നും ഇറ്റിവീഴുന്നു  മാംസരസം...

## ശാസ്ത്രം മനുഷ്യപുരോഗതിക്ക്



ആർദ്ര 10 സി

കൂട്ടായ മനുഷ്യചിന്തയുടെ ഉൽപ്പന്നമാണ് ശാസ്ത്രം. അത് മനുഷ്യനന്മക്കായി പ്രയോജനപ്പെടുത്തുമ്പോൾ ആണ് നമുക്ക് നമ്മുടെ ചിന്താശേഷിയോട് നീതിപുലർത്താൻ കഴിയുന്നത്.

ശാസ്ത്രം സമൂഹത്തിൽ യുക്തിചിന്തയും ശാസ്ത്രബോധവും വളർത്തുകയും വേണം. തുല്യതയും സമൂഹ നീതിയുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന വികസനപ്രക്രിയയിൽ ശാസ്ത്രത്തിൻെറപങ്ക് വലുതാണ്. ശാസ്ത്രം വിജ്ഞാനത്തിൻെറ ആകെത്തുകയാണ് .പണ്ട് ശാസ്ത്രജ്ഞർ തങ്ങൾക്ക് സ്വന്തമായ അറിവുകൾ ജനങ്ങളുമായി പങ്കുവെക്കാനായുള്ള ശ്രമത്തിൽ അവതരണ ശേഷിയും രസകരമായി എഴുതാനുള്ള കഴിവും ഒക്കെ വർധിപ്പിക്കാനാണ് ശ്രമിച്ചിരുന്നത്. ഇന്നവർ നിയമവിദഗ്ധർക്കൊ പ്പം മുറികളിൽ അടിച്ചിരുന്ന് എങ്ങനെ തങ്ങളുടെ അറിവുകൾ ജനങ്ങളിൽ നിന്ന് പരമാവധി പേറ്റൻറ് വഴി ഒളിച്ചു വെക്കാം എന്നാണ് അന്വേഷിക്കുന്നത്. ശാസ്ത്രത്തോടുള്ള ഇത്തരം സമീപനം പൊതു നന്മക്കു ഉപകരിക്കുന്നില്ല.

മുൻപ് ശാസ്ത്രജ്ഞർ പുലർത്തിയിരുന്ന ധീരമായ ശുഭാപ്തി വിശ്വാസത്തിന് ഇന്ന് മങ്ങലേറ്റിരിക്കുന്നു. താത്കാലിക നേട്ടങ്ങൾ മാത്രം മുന്നിൽ കണ്ടുള്ള സാങ്കേതിക കണ്ടുപിടിത്തങ്ങൾക്ക് മുൻഗണന നൽകുകയാണ് ഇന്ന് സംഭവിക്കുന്നത്. ശുദ്ധ ശാസ്ത്രഗവേഷണം ഇത് നിരുത്സാഹപ്പെടുത്തുന്നു

ശാസ്ത്രത്തിൻെറ നിയന്ത്രണം ലാഭക്കൊതിക്കു വേണ്ടി ഏറ്റെടുക്കുമ്പോഴാണ് അത് പ്രകൃതിയെ അലോസരപ്പെടുത്തുന്നതുംനശിപ്പിക്കുന്നതുമായി മാറുന്നു. ശാസ്ത്രത്തെ ചൂഷണോപാധിയാക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ജീവൻതന്നെ സാധ്യമാക്കിയ പാരിസ്ഥിതിക വ്യവസ്ഥകളെ നിസ്സാരവത്കരിക്കുന്നത് ശാസ്ത്രമല്ല' ശാസ്ത്രത്തെ നിയന്ത്രിക്കുന്ന സാമൂഹ്യ വ്യവസ്ഥയാണ്.

# തുഷാര ഗീതം



അനൂപ.കെ

മലയാളവിഭാഗം

ഹിമവാൻെറ നെറുകയിൽ സൂര്യനെ മാത്രം ധ്യാനിച്ച്
തപസ്സനുഷ്ഠിക്കുന്നഒരു മഞ്ഞ് തുള്ളിയുടെ ആത്മഗതങ്ങളിലൂടെ .....

ഈ ഹിമാചല തുംഗശൃംഗങ്ങളിൽ

അതിരെഴാത്തതാം ശൈലസാനുക്കളിൽ

ഹിമ ശിലയായുറഞ്ഞു നിൽക്കുന്നു ഞാൻ

എൻെറ സൂര്യനെ കാത്തുകാത്ത്ങ്ങനെ

ഇന്ദുലേഖയെ മൗലിയിൽ ചാർത്തുമ

പ്രാണനാഥനെ പരിണയിക്കാൻ ദേവി

വൻതപം ചെയ്ത സ്വർഗ്ഗ ശൈലത്തിൻ ഞാൻ

ഈറനോടെ കൈ കീപ്പി നിൽക്കുന്നിതാ

പ്രണയമെന്നിൽ നിറഞ്ഞ കത്തുമ്പോഴും

ഹൃദയ താപ മാത്മാവുരുക്കുമ്പോഴും

കോടമഞ്ഞിലെൻ മേനി വിറയ്ക്കവേ

എൻെറ രക്ഷയ്ക്കായ് വരിക നീ ആദിത്യാ .....

അറിയുകിന്നെൻെറ അന്തർഗ്ഗതങ്ങളെ

അറിവിനാത്മപ്രതീകം പ്രകാശമേ

അമരത്വം ഏക ശാപമാണിന്നെനി-

യ്ക്കലിയണം നിന്നിലലിയലെൻ മോക്ഷം

നിന്നെ മാത്രം നിനച്ചു നിൽക്കുമ്പോഴും

നിന്നിലാത്മാവു ചേർത്തു വെയ്ക്കുമ്പോഴും

എൻെറ ജീവൻെറ സാഫല്യമിന്നു നീ എന്ന സത്യമതൊന്നറിയുന്നു ഞാൻ

പൊന്നുഷസ്സിൻ ധവള പത്രം നിവർ

ത്തെന്നുമെൻ പുലർവേളയിൽ നീ വരൂ

വെൺമ തൂവുന്ന പാലാഴിയിൽ കുളി-

ച്ചെന്ന  ചന്ദനം ചാർത്തുവാൻ നീ വരൂ

എൻറെ സൂര്യ നീയോരോ അണുവിലും

എൻെറയോരോ അണുവിലും നിറയുക

എൻറ കേവല നീഹാര ബിന്ദുവിൽ

കോടി സൂര്യനായ് നീ ഉയിർക്കൊള്ളുക

പണ്ടു കുന്തിയാം കന്യകയാളവൾ

കാമ ചാപല്യമോരാത്ത തയ്യലാൾ

വിസ്മിത നേത്ര മാത്രയായന്നു തൊ

ട്ടൊരുമഹാദുഃഖമുള്ളിൽ പേറുന്നവൾ

ഓർത്തിടുന്നു ഞാനാ ദുഃഖഗാഥയെ

ഓർമ്മപോലും മറഞ്ഞിടുന്നെങ്കിലും

ഓരോ അസ്തമയത്തിലും തേങ്ങുന്നു

ഒരു പുലരിയെ കാത്തു മയങ്ങുന്നു

വെള്ളി മേഘത്തിലേറിനീ വന്നെൻെറ

നെറുകിൽ സിന്ദൂരം ചാർത്തുമുഷസ്സതിൽ

എൻെറ ജീവന സ്പന്ദനം മരവിപ്പിൽ

നിന്നുരണം സർവ്വം നിലയ്ക്കണം

അപ്പോഴും.....കനലുപോലെ നീ നീറിയെരിയണം

ഗ്രീഷ്മമായി നീ കത്തിജ്ജ്വലിക്കണം

നിറവിനാത്മ പ്രരൂപമേ നീയെൻെറ മൃതിയിൽ മിഴിനീരാലുദകം ചെയ്യണം

# GALLERY

**കെ എം ജി വി എച്ച് എസ് എസിന്റെ അഭിമാന താരങ്ങൾ**




**Sreerag XA, Sports**



**Athulkrishna XF**
Work experience



**Tintu haridas XA**
Sports



**Sradha T M IX C,**
**Kalolsavam,**
**Sasthrolsavam,**
**Vidyarangam**



**Archana IXB**
**Kalolsavam**



**LakshmiMaya IX B**
kalolsavam



**Swathy IX C,**
Socialscience



**Niyas Muhammed**
Sports



**Shibin**
Sports



**Praveen**
Sports



**Rahul**
Sports














വിജയോത്സവം 2018-19







Hightech class-Inaguration



ബഞ്ച് വിതരണം(സർവ്വോദയം)-
പൂർവ്വവിദ്യാർത്ഥിസംഘടന





ഐ ടി ലാബ് II ഉൽഘാടനം





പി ടി എ യോഗം



യോഗ
പരിശീലനം


Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ: KL/2018/19032
കെ.എം.ജി.വി.എച്ച്.എസ്.സ്കൂൾ
തവനൂർ, മലപ്പുറം
0494 – 2687899











# MOTIVATION CLASS











## വിദ്യാരംഗം





















ജൈവ വൈവിധ്യ തോട്ടം





ശൈത്യകാല പച്ചക്കറി കൃഷി





വൊക്കേഷണൽ ഹയർ സെക്കന്ററി നെൽകൃഷി

# ചിത്ര ഗ്യാലറി


















JRC



School Captains



Independence Day Celebrations



School Chenda Melam Team





## School Exihibition

## പ്രണയം

ഐശ്വര്യ ടി.കെ
HSE

പ്രണയമാകുന്ന പൂവാടിയിൽ ഞാൻ

നനയാതെ നിൻ മിഴി നോക്കിനിന്നു

പണ്ടൊരു വഴിയിൽ അല്ലയോ പ്രിയസഖി.

നിൻറെ പ്രണയത്തെ ഞാൻ കാത്തുനിന്നു

അധരങ്ങൾ തുടിക്കുമീ.....

മഞ്ഞിൽ ഞാൻ നിനക്കായി മാത്രം

എന്നു ചൊല്ലുക നീ നിന്നുടെ പ്രണയം സഖി പറയുവാനാകാതെ എൻെറ

കഥനങ്ങൾ ഞാൻ  മാനസത്തിൽ കൂട്ടി വെച്ചു..

എന്തുകൊണ്ടെന്നറിയില്ല എന്നുടെ നയനത്തിൽ നിന്നുതിർന്നു വന്നു

ഒരായിരം നീർത്തുള്ളികൾ

നീ എൻെറ മാത്രമാകണമെന്നുള്ള അടങ്ങാത്ത മോഹം

അറിയാതെ പറയാതെ എന്നോ നീ മാഞ്ഞപ്പോൾ

ഹൃദയത്തിൽ നിന്നതിർന്നൊരു നൊമ്പരങ്ങൾ

നീ അറിയില്ലല്ലോ എന്നുടെ സ്നേഹം

എനിക്കെത്രമാത്രം നിന്നോട് ഉണ്ടായിരുന്നെന്ന്

അകലെ നീ ഇരിക്കു അതറിയാതെ തേടുന്നു

നൊമ്പരം....നിന്നുടെ കണ്ണുകളിൽ ഓർക്കുമോ സഖി എങ്കിലും

നീയെൻ ഹൃദയത്തെ ഞാൻ നിനക്കായി മാത്രം പകർന്നത്

മറക്കുമോ സഖി എന്നുടെ നിഷ്കളങ്കമാം

എൻ പ്രണയം ഓർക്കാതെ പോയത്

## വാനം



അമൃത– 9 എ

വാനിൽ താഴെ വിരാജിക്കും തുമ്പികൾ

ഓരോ തളിരിലും പൂവിലും

തേൻ നുകർന്നു കൊണ്ട്

സൗന്ദര്യം പകർത്തി സ്വാതന്ത്ര്യത്തിൻ

കാഹളം മുഴക്കി

ആരാമത്തിൽ സൗന്ദര്യമായി

പ്രകൃതിതൻ മടിത്തട്ടിൽ

വിരാജിച്ചീടും ഈ മധു നിമിഷം

എന്നിൽ മധുര ഉന്മേഷം പകരുന്നു

## <u>പള്ളിക്കൂടത്തിൻമുറ്റത്ത്</u>

–

ഫിസ്സ 9 എ

പള്ളിക്കൂടത്തിൽ പോയ കാലം

കളിച്ചും പഠിച്ചും നടന്ന കാലം

പള്ളിക്കൂടത്തിൻമുറ്റത്ത് ഓടിക്കളിച്ച രസിച്ച കാലം

നേരിയ കൊച്ചു കുറുമ്പുകാട്ടി കൂട്ടുകാരോടൊത്തുനടന്ന കാലം

മായില്ലെൻ മനസ്സിൽ നിന്നും പള്ളിക്കൂടത്തിൽ പോയ കാലം

## പിരിയുന്ന  നിമിഷം

അമൃത HSE

വിതുമ്പലായ് തേങ്ങലായ്
കണ്ണീർ തുള്ളിയായ്  ഇന്ന്  ഈ നിമിഷം
എന്തിനെന്നില്ലാതെ      ഏതിനെന്നില്ലാതെ
അറിയാതെന്തിനോ   ഈ പിരിയൽ
എന്തെന്നോ  ഏതെന്നോ  മറുപടിയോ
പോലുമില്ലാത്തയീ യേകാന്തനിമിഷം
എങ്കിലും  ഓർക്കുന്നുഞാനാ
അനശ്വരമായ നിമിഷങ്ങളെ
ഏകാകിയാം   നിന്നുടെ കളിക്കൂട്ടുകാരിയായി
നിന്നൊരാ നിമിഷങ്ങളെ
നശ്വരം ആണെന്നറിയാൻ
വൈകിയതോർക്കുമ്പോൾ അറിയാതെ
ഇന്നെൻ സ്നേഹം നിറഞ്ഞൊരാ
മനം വിതുമ്പി    പോകുന്നേ.....
എങ്കിലും നന്ദി.... എൻ ഓർമ്മകളിൽ
നിറയുന്ന പ്രിയ കൂട്ടുകാരാ
നീ തന്ന സ്നേഹത്തിനും മതിലുപരി
അതിലേറെ ഓർമ്മിക്കാൻ നൽകിയ
സ്നേഹം കലർന്ന   ആ
ഓർമ്മകൾക്കും....  സ്നേഹത്തിൻ
ഭാഷയിൽ മൊഴിയുന്നു
ഞാൻ പ്രിയ കൂട്ടുകാരാ നന്ദി....

# OUR VISION



Spectrum Digital Magazine തയ്യാറാക്കുന്നതിന് രചനകൾ തയ്യാറാക്കി തരികയും സഹകരിക്കുകയും ചെയ്ത എല്ലാ കൂട്ടുകാർക്കും എഡിറ്റോറിയൽ ബോർഡിൻെറ നന്ദി രേഖപ്പെടുത്തുന്നു.

LITTLE KITES UNIT,KMGVHSS TAVANUR